LIBRARY ARCHIVES Kerala Legislative Assembly

പുഷ്പക്കൃഷി പ്രോത്സാഹിപ്പിക്കുവാൻ നടപടി

78 [1085] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, കെ. മുഹമ്മദാലി:
,, ഇ. എം. അഗസ്തി:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറ്റിമുല്ല, ആന്തൂറിയം, ഓർക്കിഡുകൾ എന്നിവ കൃഷി ചെയ്യുന്ന എത്ര സംഘങ്ങളും വനിതാ സംഘങ്ങളുമുണ്ട്;

(ബി) എന്തു തുകയ്ക്കുള്ള പുഷ്പം ഈ സംഘങ്ങൾ ഉല്പാദിപ്പിക്കുന്നു;

(സി) ഇവ കയറ്റുമതി ചെയ്യുന്നുണ്ടോ;

(ഡി) സംസ്ഥാനത്തിനാവശ്യമായ പുഷ്പം ഉല്പാദിപ്പിക്കാൻ സംസ്ഥാനത്തിന് കഴിയുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിനായി എന്തെല്ലാം പരിപാടികളുണ്ടെന്ന് പറയുമോ;

(എഫ്) എല്ലാ വീടുകളിലും പുഷ്പക്കൃഷി നടത്തുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകിവരുന്നുണ്ടോ;

(ജി) എങ്കിൽ എവിടെയെല്ലാം;

(എച്ച്) ഇതനുസരിച്ച് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സഹകാര്യ, സഹകരണ മേഖലകളിൽ ഈയിനങ്ങൾ കൃഷിചെയ്യുന്ന എത്ര സംഘങ്ങളുണ്ടെന്നതിന്റെ കൃത്യമായ കണക്ക് ലഭ്യമല്ല. 2002-03-ലെ കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം 110 ഓർക്കിഡ്, ആന്തൂറിയം യൂണിറ്റുകൾ തിരുവനന്തപുരം ജില്ലയിലും 88 യൂണിറ്റുകൾ എറണാകുളം ജില്ലയിലും ഉണ്ടാക്കിയിട്ടുണ്ട്. എറണാകുളത്ത് 2002-03-ൽ 793 ഹെക്ടറിലും പാലക്കാട് 19.64 ഹെക്ടറിലും (100 ക്ലബ്ബുകൾ) കുറ്റിമുല്ല കൃഷി നടപ്പിലാക്കി. എന്നാൽ 2003-04-ലെ കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം പാലക്കാട് ജില്ലയിൽ 25 സെന്റ് വീതമുള്ള 47 യൂണിറ്റിൽ കുറ്റിമുല്ല കൃഷിയും ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ 25 സെന്റ് വീതമുള്ള 400 യൂണിറ്റുകളിൽ ഓർക്കിഡ്, ആന്തൂറിയം കൃഷി നടപ്പാക്കിവരുന്നു.

(ബി) ഇത് സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(സി) കയറ്റുമതി ചെയ്യുന്നില്ല.

(ഡി) ഇല്ല.

(ഇ) 2003-04 സംസ്ഥാനാവിഷ്കൃതപദ്ധതിയായി ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ഓരോ ജില്ലയിലും 12 ക്ലബ്ബുകൾ രൂപീകരിച്ച് (25 കർഷകരടങ്ങുന്ന) കോംപാക്ട് ഏരിയയിൽ പൂക്കൃഷി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇപ്രകാരം നാലു ജില്ലകളിലും കൂടി 48 ക്ലബ്ബുകൾ ഉണ്ടാക്കി ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല എന്നിവ കൃഷി ചെയ്യുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതുവഴി 1,200 കർഷകർ ഗുണഭോക്താക്കളാകുകയും ചെയ്യുന്നു. 600 കർഷകരെക്കൊണ്ട് ഓർക്കിഡ്, ആന്തൂറിയം എന്നിവയും 600 കർഷകരെക്കൊണ്ട് കുറ്റിമുല്ലയും കൃഷി ചെയ്യിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ കൃഷിവകുപ്പു മുഖേന നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതി (2003-04) പ്രകാരം പൂക്കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുക എന്ന ഘടകംവഴി ഗ്രാഫ്റ്റ് ഇനങ്ങളായ റോസ്, ക്രസാന്തിമം എന്നിവയുടെ കൃഷിക്ക് 25 സെന്റ് വീതമുള്ള യൂണിറ്റുകൾക്ക് 3,750 രൂപയും വിത്ത് ഇനങ്ങളായ ജണ്ടുമുല്ല, ആസ്റ്റർ എന്നിവയ്ക്കായി ഓരോ യൂണിറ്റിനും 1,000 രൂപയും നാടൻ ഇനങ്ങളായ കുറ്റിമുല്ല കൃഷിക്ക് ഒരു യൂണിറ്റിന് 5,850 രൂപയും നൽകിവരുന്നു. കൂടാതെ 25 സെന്റ് വീതമുള്ള ഓർക്കിഡ്, ആന്തൂറിയം യൂണിറ്റുകൾക്ക് 25,000 രൂപയും കട്ട് ഫോളിയേജ് ഇനങ്ങൾക്ക് യൂണിറ്റൊന്നിന് 12,500 രൂപയും ധനസഹായം നൽകിവരുന്നു.

ഇപ്രകാരം 2003-04 പദ്ധതിപ്രകാരം 40 യൂണിറ്റുകൾ ഗ്രാഫ്റ്റ് ഇനങ്ങൾക്കും 100 യൂണിറ്റ് വിത്തിനങ്ങൾക്കും 47 യൂണിറ്റ് നാടൻ ഇനങ്ങൾക്കും 400 യൂണിറ്റ് ഓർക്കിഡ്, ആന്തൂറിയം ഇനങ്ങൾക്കും 100 യൂണിറ്റ് കട്ട് ഫോളിയേജ് ഇനങ്ങൾക്കും കൃഷി വിസ്തൃതി വർദ്ധിപ്പിക്കൽ പരിപാടി നടപ്പിലാക്കുന്നു. കൂടാതെ, വിവിധയിനം പൂക്കൾ സംസ്ഥാന വ്യാപകമായി കൃഷി ചെയ്യുന്നതിന് ഫ്ളോറി ക്ലബ്ബുകൾ രൂപീകരിച്ച് സഹായവും പരിശീലനവും നൽകുന്നതിനുള്ള പുതിയൊരു പദ്ധതിയും പരിഗണനയിലുണ്ട്. കൂടാതെ നെല്ലിയാംപതി ഫാം കേന്ദ്രീകരിച്ചും ഒരു പുഷ്പക്കൃഷി പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്.

(എഫ്—എച്ച്) എല്ലാ വീടുകളിലും പുഷ്പക്കൃഷി നടത്തുന്നതിന് സഹായങ്ങൾ നൽകുന്നില്ല. എന്നാൽ 2003-04-ൽ നടപ്പാക്കുന്ന 'വീട്ടുവളപ്പിൽ കൃഷി' എന്ന പദ്ധതി പ്രകാരം തിരുവനന്തപുരം സിറ്റിയിലെ 2000-2500 വീടുകൾ ഉൾക്കൊള്ളുന്ന 30 റസിഡൻഷ്യൽ അസോസിയേഷനുകളിൽ പുഷ്പക്കൃഷിക്കുൾപ്പെടെയുള്ള കൃഷിക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നുണ്ട്. ഈ പദ്ധതിപ്രകാരം നടീൽ വസ്തുക്കളുടെ വിതരണം, ജൈവവള വിതരണം, പരിശീലനം ഇവ നൽകിവരുന്നു.

കുട്ടനാടൻ വയലുകളിൽ നെല്ലും മത്സ്യവും കൃഷി ചെയ്യുന്ന പദ്ധതി

79 [1086] ശ്രീ. പി. ജെ. ജോയി:
,, എൻ. ഡി. അപ്പച്ചൻ:
,, എഴുകോൺ നാരായണൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ വയലുകളിൽ നെൽക്കൃഷിയും മത്സ്യക്കൃഷിയും ഒന്നിടവിട്ട് കൃഷി ചെയ്യുന്നതിനുള്ള പദ്ധതി അംഗീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly